## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 355 — 26.06.2012-ൽ മറുപടിയ്ക്ക്

### പ്രസരണ സംവിധാനവും പവർഗ്രിഡും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി പ്രസരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) സംസ്ഥാന വൈദ്യുതി ബോർഡ്, വൈദ്യുതി പ്രസരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സാങ്കേതിക പഠനത്തിൻെറ (Load Flow Study) അടിസ്ഥാനത്തിൽ ആവശ്യമായി വരുന്ന സ്ഥലങ്ങളിലേ യ്ക്ക് പുതിയ പ്രസരണ ലൈനുകൾ നിർമ്മിച്ച് പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ നിലവിലുള്ള സബ്സ്റ്റേഷനുകളുടെ സ്ഥാപിത ശേഷിയും സാങ്കേതികാവശ്യാനുസരണം വർദ്ധിപ്പിച്ചു വരുന്നു. ഇപ്രകാരം 2012 ഒക്ടോബർ/ഡിസംബർ മാസങ്ങൾക്കു മുമ്പായി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്ന സബ്സ്റ്റേഷനുകളുടെയും, പണി പുരോഗമിക്കുന്ന സബ്സ്റ്റേഷനുകളുടേയും, പുതിയ പ്രപ്പോസലുകളുടേയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത സംവിധാനത്തിന് കരുത്തു പകരുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് പവർഗ്രിഡ് നടത്തുന്നത്; | (ബി) കേന്ദ്ര പൂളിൽ നിന്ന് സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് 400 കെ. വി ലൈനുകളും സബ് സ്റ്റേഷനുകളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് നടത്തുന്നത്. കേരളത്തിനു പുറത്തു നിന്ന് വൈദ്യുതി കൊണ്ടു വരുന്നതു സംബന്ധിച്ച് കെ. എസ്. ഇ. ബി അഭിമുഖീകരിക്കുന്ന പ്രതിസന്ധി (Corridor |

congestion) പരിഹരിക്കുന്നതിനും തദ്വാരാ കാര്യക്ഷമമായ പ്രസരണ സംവിധാനം നിലവിൽ വരുന്നതിനും ഈ പ്രവർത്തനങ്ങൾ സഹായകരമാവും.

തമിഴ്നാട്ടിലെ കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട 266 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിന് തിരുനെൽവേലി, ഇടമൺ, കൊച്ചി (പള്ളിക്കര) വഴി തൃശ്ശൂർ മാടക്കത്തറ വരെയുള്ള 400 കെ.വി വൈദ്യുതി ലൈൻ നിർമ്മാണം പവർഗ്രിഡ് നടത്തിവരുന്നു. കേരളത്തിലെ 400 കെ. വി പവർ ഹൈവേയുടെ ഭാഗമായി തിരുവനന്തപുരത്തും, കൊച്ചിയിലും (പള്ളിക്കര), പാലക്കാട്ടും 400 കെ. വി സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ നിർമ്മാണം പൂർത്തിയായിരിക്കുന്ന അരീക്കോട് 400 കെ. വി സബ്സ്റ്റേഷനിൽ മൈസൂറിൽ നിന്നും വൈദ്യുതി എത്തിക്കാൻ കേരളത്തിലൂടെയുള്ള ഭാഗത്തിൻെറ പണികൾ പൂർത്തിയായി. എന്നാൽ കർണ്ണാടകയിലൂടെ വലിക്കേണ്ട ടി ലൈനിൻെറ പണികൾ എതിർപ്പുകൾ മൂലം കുടകു ഭാഗത്ത് തടസ്സപ്പെട്ടിരിക്കുകയാണ്.

(സി) പവർഗ്രിഡിന്റെ പ്രവർത്തനങ്ങൾ വഴി സംസ്ഥാനത്തിന്എന്തെല്ലാം നേട്ടങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി) പാലക്കാട്, എലപ്പുള്ളിയിൽ പവർ ഗ്രിഡിൻെറ ഒരു 400 കെ. വി സബ്സ്റ്റേഷൻ 01-04-2012 ൽ കമ്മീഷൻ ചെയ്തതിനുശേഷം അന്യസംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുന്നുണ്ട്. ഇതു മൂലം ശരാശരി 200 മുതൽ 300 മെഗാവാട്ട് വരെ വൈദ്യുതി സംസ്ഥാനത്തിന് അധികമായി കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. മൈസൂറിൽ നിന്നും അരീക്കോടിലേക്കുള്ള 400 കെ. വി. ലൈൻ കമ്മീഷൻ ചെയ്യുന്നതോടുകൂടി മലബാർ മേഖലയിൽ കൂടുതൽ കാര്യക്ഷമമായി വൈദ്യുതി വിതരണം നടത്താൻ കഴിയും. കൂടാതെ തിരുനെൽവേലി-ഇടമൺ-കൊച്ചി-മാടക്കത്തറ വരെയുള്ള 400 കെ. വി ലൈനിൻെറ നിർമ്മാണം പൂർത്തിയായാൽ ഉൽപ്പാദനം തുടങ്ങാൻ പോകുന്ന കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട 266 മെഗാ

വാട്ട് വൈദ്യുതി ലഭ്യമാക്കാൻ സാധിക്കും. കേരളത്തിലേക്ക്, കേന്ദ്ര വിഹിതമുൾപ്പെടെയുള്ള വൈദ്യുതി എത്തിക്കുന്നത് പവർഗ്രിഡ് കോർപ്പറേഷന്റെ താഴെപ്പറയുന്ന ലൈനുകളിൽ കൂടിയാണ്.

1. ഉദുമൽ - പാലക്കാട് - മാടക്കത്തറ - 400 കെ. വി ലൈൻ.
2. തിരുനെൽവേലി - ഇടമൺ - 220 കെ. വി ലൈൻ.
3. തിരുനെൽവേലി - മധുര - പള്ളിപ്പുറം (തിരുവനന്തപുരം) - 400 കെ. വി. ലൈൻ.

**സെക്ഷൻ ഓഫീസർ.**

—

## പ്രസരണ മേഖല

2012 ഒക്ടോബർ മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്ന സബ്സ്റ്റേഷനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| സബ്സ്റ്റേഷൻ | അനുബന്ധ ലൈൻ | ശേഷി (MVA) | കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|
| *110 കെ.വി.കൂടൽ | പത്തനാപുരം- കൂടൽ (8 കി.മീ) | 2x12.5 | |
| 66 കെ.വി. അഞ്ചുകുന്ന് | — | 2x5 | 9/12 |
| 33 കെ.വി.വണ്ണപ്പുറം | ഉടുമ്പന്നൂർ - വണ്ണപ്പുറം (17 കി.മീ) | 2x5 | 30/10/12 |
| 33 കെ.വി.പരവൂർ | കൊട്ടിയം -പരവൂർ (4.7 കി.മീ) | 2x5 | 30/10/12 |
| *33 കെ.വി. കടയ്ക്കാവൂർ | ആറ്റിങ്ങൽ - കടയ്ക്കാവൂർ (12 കി.മീ) | 2x5 | |
| *33 കെ.വി. അന്നമനട | കുറുമാശ്ശേരി - അന്നമനട (8.6 കി.മീ) | 2x5 | |
| *33 കെ.വി. പൂക്കോട്ടുംപാടം | നിലമ്പൂർ- പൂക്കോട്ടുംപാടം (6 കി.മീ) | 1x5 | |
| 33 കെ.വി. വള്ളിക്കുന്നം | കറ്റാനം-വള്ളിക്കുന്നം (7 കി.മീ) | 2x5 | പണി പൂർത്തിയായി |
| ആകെ | 8 സബ്സ്റ്റേഷനുകൾ | 90 MVA | |

* ഈ സബ്സ്റ്റേഷനുകളുടെ അനുബന്ധ ലൈനുകളുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുകയാണെങ്കിൽ ഒക്ടോബറിൽ തന്നെ ചാർജ്ജ് ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

2012 ഡിസംബർ മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്ന (മുകളിൽ നൽകിയിട്ടുള്ളത് കൂടാതെ) സബ്സ്റ്റേഷനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| സബ്സ്റ്റേഷൻ | അനുബന്ധ ലൈൻ | ശേഷി (MVA) | കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|
| 110/33/11 കെ.വി. കുത്തുങ്കൽ | — | 1x16 +1x5 | 31/12/12 |
| 66 കെ.വി. ബാലരാമപുരം | — | 2x10 | 31/12/12 |
| 33 കെ.വി. വാകത്താനം | തൃക്കൊടിത്താനം-വാകത്താനം (8.86 കി.മീ) | 2x5 | 31/12/12 |
| 33 കെ.വി. കണ്ണനല്ലൂർ | കൊട്ടിയം - കണ്ണനല്ലൂർ (7.5 കി.മീ) | 1x5 | 31/12/12 |
| 33 കെ.വി. പേയാട് | തിരുമല - പേയാട് (33 കെ.വി. ഭൂഗർഭ കേബിൾ 7 കി.മീ) | 2x5 | 31/12/12 |
| ആകെ | 5 സബ്സ്റ്റേഷനുകൾ | 66 | |

പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന മറ്റ് സബ്സ്റ്റേഷനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

1) 220 കെ.വി. കാട്ടാക്കട
2) 220 കെ.വി. പുന്നപ്ര
3) 110 കെ.വി. പെരിനാട്
4) 110 കെ.വി. കോടിമാത
5) 110.കെ.വി. കിഴക്കമ്പലം (അപ്ഗ്രഡേഷൻ)
6) 110.കെ.വി. വേളി (അപ്ഗ്രഡേഷൻ)
7)110.കെ.വി. ജി.ഐ.എസ്.കൊല്ലം
8) 110.കെ.വി. എരുമേലി
9) 110.കെ.വി. ചെറായി
10) 110.കെ.വി. എറണാകുളം നോർത്ത് (അപ്ഗ്രഡേഷൻ)
11) 110.കെ.വി. ആയ്യൂർ (അപ്ഗ്രഡേഷൻ)
12) 110.കെ.വി. കൂത്തുപറമ്പ് (അപ്ഗ്രഡേഷൻ)
13) 110.കെ.വി. ഗാന്ധിറോഡ്
14)110.കെ.വി. പരപ്പനങ്ങാടി
15) 110.കെ.വി. കൊടുങ്ങല്ലൂർ (അപ്ഗ്രഡേഷൻ)
16) 110.കെ.വി. പുതുക്കാട് (അപ്ഗ്രഡേഷൻ)
17)110.കെ.വി. കാട്ടൂർ (അപ്ഗ്രഡേഷൻ)
18) 110.കെ.വി.അറങ്ങോട്ടുകര
19) 66.കെ.വി. ഈസ്റ്റ് കല്ലട
20) 66.കെ.വി. തെന്മല
21) 66.കെ.വി. മങ്കട
22) 33.കെ.വി. കുമ്പനാട്
23)33.കെ.വി. കടപ്ര
24) 33.കെ.വി. മണിമല
25)33.കെ.വി. സേനാപതി
26)33.കെ.വി. മേത്തല
27)33.കെ.വി. പോത്തുകല്ല്
28)33.കെ.വി. കുട്ടിയ്ക്കൽ

## പണിപുരോഗമിക്കുന്ന പ്രധാനലൈൻ വർക്കുകൾ

1) 220.കെ.വി. പള്ളിക്കര-ബ്രഹ്മപുരം മൾട്ടി സർക്യൂട്ട് ലൈൻ
2) പള്ളം -പാമ്പാടി 66.കെ.വി. ലൈൻ ശേഷി വർദ്ധിപ്പിക്കൽ
3) 110.കെ.വി. കക്കയം-പട്ടാണിപ്പാറ മൾട്ടി സർക്യൂട്ട് ലൈൻ
4)110.കെ.വി.ഡബിൾസർക്യൂട്ട് പട്ടാണിപ്പാറ-വടകര ലൈൻ
5) 110.കെ.വി.കുറ്റിപ്പുറം-മാലാപ്പറമ്പ ലൈൻ
6) 110.കെ.വി.അരിക്കോട് കീഴിശ്ശേരി ഡബിൾ സർക്യൂട്ട് ലൈൻ

## പുതിയ സബ്സ്റ്റേഷനുകളുടെ പ്രപ്പോസലുകൾ

1) 33 കെ.വി. വിളകുളം (RAPDRP)
2) 33 കെ.വി. ഗാന്ധിനഗർ (RAPDRP)
3) 33 കെ.വി. വെളിയാമ്പ്ര
4) 33 കെ.വി. ഫെറൂക്ക് (RAPDRP)
5) 33 കെ.വി. വരാന്തിരപ്പള്ളി
6) 33 കെ.വി. കാസർഗോഡ് ടൗൺ (RAPDRP)
7) 33 കെ.വി. വൈദ്യുതിഭവൻ, പാലക്കാട് (RAPDRP)
8) 33 കെ.വി. ഒലവക്കോട് (RAPDRP)
9) 66 കെ.വി. എനാത്ത്
10) 66 കെ.വി. എടവണ്ണപ്പാറ (ഭരണാനുമതി നൽകിയിട്ടുണ്ട്.)
11) 66 കെ.വി. സൈബർപാർക്ക് (ഭരണാനുമതി നൽകിയിട്ടുണ്ട്.)
12) 66 കെ.വി. ചന്ദ്രനഗർ (ഭരണാനുമതി നൽകിയിട്ടുണ്ട്.)
13) 110 കെ.വി. കിനലൂർ
14) 110 കെ.വി. പുളിക്കൽ
15) 110 കെ.വി. വേങ്ങര
16) 110 കെ.വി. രാജാപുരം
17) 110 കെ.വി. തലക്കുളത്തൂർ
18) 110 കെ.വി. ഐരാപുരം
19) 110 കെ.വി. കാവാലം
20) 110 കെ.വി. ത്രിപ്പൂണിത്തുറ
21) 220 കെ.വി. പന്തലക്കോട്
22) 220 കെ.വി. കക്കാട് (സ്വിച്ചിങ്ങ് സ്റ്റേഷൻ)

## നിലവിലുള്ള സബ്സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രപ്പോസലുകൾ

1) കാഞ്ഞിരപ്പള്ളി (66 കെ.വി.യിൽ നിന്ന് 110 കെ.വി.)
2) പാമ്പാടി (66 കെ.വി.യിൽ നിന്ന് 110 കെ.വി.)
3) ആലുവ (110 കെ.വി.യിൽ നിന്ന് 220 കെ.വി)

## നിലവിലുള്ള സബ്സ്റ്റേഷനുകളിൽ ശേഷി ഉയർത്തുന്നതിനുള്ള പ്രപ്പോസലുകൾ

1) 66 കെ.വി. ഇടത്തല
2) 66 കെ.വി. കൂത്താട്ടുകുളം
3) 66 കെ.വി. അടൂർ
4) 66 കെ.വി. നങ്ങ്യാർകുളങ്ങര
5) 110 കെ.വി. ഇടയാർ
6) 110 കെ.വി. മുണ്ടയാട് (കണ്ണൂർ)